**കേരള സർക്കാർ**

നമ്പർ. 59850/എഫ്.എം.2/08/തസ്വഭവ **തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ്**
തിരുവനന്തപുരം, തീയതി: 28.10.2008

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ഔഷധങ്ങൾ വാങ്ങൽ – സ്പഷ്ടീകരണം – സംബന്ധിച്ച്.

സൂചന:-
1. 08.01.2007–ലെ സ.ഉ.(സാധാ) 91/07/തസ്വഭവ നമ്പർ ഉത്തരവ്.
2. 27.10.2007–ലെസ.ഉ.(എം.എസ്) 245/07/തസ്വഭവ നമ്പർ ഉത്തരവ്
3. 12.03.2008–ലെ സ.ഉ.(എം.എസ്)71/2008/തസ്വഭവ നമ്പർ ഉത്തരവ്
4. കണ്ണൂർ ജില്ലാ സഹകരണ ആയൂർവേദിക് റിസർച്ച് ഹോസ്പിറ്റൽ സൊസൈറ്റി പ്രസിഡന്റിന്റെ 10.09.2008–ലെ കത്ത്.

തദ്ദേശഭരണ സ്ഥാപനങ്ങൾ അലോപ്പതി മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ നിശ്ചയിച്ചുകൊണ്ട് സൂചന മൂന്ന് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ ആദ്യ ഖണ്ഡികയിൽ ആയൂർവേദ ഔഷധങ്ങൾ ചില സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ള കാര്യം പരാമർശിക്കുന്ന ഭാഗത്ത് 'ആരോഗ്യ ഫാർമ'യുടെ പേര് പ്രത്യേകം സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ആ സ്ഥാപനത്തിൽ നിന്നും ആയൂർവേദ ഔഷധങ്ങൾ നേരിട്ട് വാങ്ങാൻ പാടില്ലെന്നാണ് അർത്ഥമാക്കുന്നതെന്ന തരത്തിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സർക്കാർ ചുവടെയുള്ള സ്പഷ്ടീകരണം നൽകുന്നു.

ആയുർവേദ ഔഷധങ്ങൾ നേരിട്ട് വാങ്ങാവുന്ന സ്ഥാപനങ്ങൾ ഏതൊക്കെയെന്നത് സംബന്ധിച്ച നിർദ്ദേശങ്ങളല്ല സൂചന മൂന്ന് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ നൽകിയിട്ടുള്ളത്. അലോപ്പതി ഔഷധങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങളാണ് പ്രസ്തുത ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. ആയുർവേദ ഔഷധങ്ങൾ ചില സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ള കാര്യം പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ടെന്നേയുള്ളൂ. ഔഷധി, ആയൂർധാര എന്നീ സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ഔഷധങ്ങൾ വാങ്ങാൻ പാടുള്ളൂവെന്നല്ല സൂചിപ്പിച്ചിട്ടുള്ളത്. ഔഷധി, ആയൂർധാര മുതലായ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നാണ് പരാമർശിച്ചിട്ടുള്ളത്. ആയുർവേദ/ഹോമിയോ ഔഷധങ്ങൾ നേരിട്ട് വാങ്ങാൻ ഒരു ഉത്തരവ് മുഖേന സർക്കാർ അനുമതി നൽകിയിട്ടുള്ള സ്ഥാപനത്തിൽ/സ്ഥാപനങ്ങളിൽ നിന്നും, ഇപ്രകാരം അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവ നേരിട്ട് വാങ്ങാവുന്നതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. നഗരകാര്യ ഡയറക്ടർ
11. പബ്ലിക് റിലേഷൻസ് ഡയറക്ടർ
12. മുഖ്യ നഗരാസൂത്രകൻ
13. ഡയറക്ടർ ഭാരതീയ ചികിത്സാ വിഭാഗം

14. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
17. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
20. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
21. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24. എല്ലാ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർമാർക്കും
25. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
26. പ്രസിഡന്റ്, കണ്ണൂർ ജില്ലാ സഹകരണ ആയൂർവേദിക് റിസർച്ച് ഹോസ്പിറ്റൽ സൊസൈറ്റി
27. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
29. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
32. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
33. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ